വഴിവെളിച്ചം

# കടമിടപാടുകൾ

عَنْ أَبِي هُرَيْرَةَ رَضِيَ اللهُ عَنْهُ عَنِ النَّبِيِّ ﷺ قَالَ : مَنْ أَخَذَ أَمْوَالَ النَّاسِ يُرِيدُ أَدَاءَهَا أَدَّى اللَّهُ عَنْهُ وَمَنْ أَخَذَ يُرِيدُ إِتْلَافَهَا أَتْلَفَهُ اللَّهُ.

അബൂഹുറയ്റ(റ)യിൽനിന്ന്: നബി(സ) പറഞ്ഞു: "കൊടുത്തു വീട്ടണമെന്ന ഉദ്ദേശ്യത്തോടെയാണ് ഒരാൾ ജനങ്ങളിൽനിന്ന് സമ്പത്ത് സ്വീകരിക്കുന്നതെങ്കിൽ അല്ലാഹു അയാൾക്കു വേണ്ടി അത് വീട്ടിക്കൊടുക്കുന്നതാണ്. തുലച്ചു കളയണമെന്ന ഉദ്ദേശ്യത്തോടെയാണ് അത് സ്വീകരിക്കുന്നതെങ്കിൽ അല്ലാഹു അവയെ നശിപ്പിച്ചു കളയുന്നതുമാണ്" (ബുഖാരി).

**സാമൂഹിക** ജീവിയായ മനുഷ്യന് മറ്റുള്ളവരെ സഹായിക്കാതെയും അവരുടെ സഹായങ്ങൾ സ്വീകരിക്കാതെയും ജീവിക്കാൻ സാധ്യമല്ല. പരസ്പര സഹായത്തിന്റെയും സേവനത്തിന്റെയും ഫലമായിട്ടാണ് മാനവ പുരോഗതി ഉണ്ടായിട്ടുള്ളത്. അതുകൊണ്ടാണ് പണം കടം നൽകൽ ഒരു സൽകർമമായി ഇസ്‌ലാം നിശ്ചയിച്ചത്. നബി(സ) പറയുന്നു: "ഭൗതിക ജീവിതത്തിൽ ഒരു മുസ്‌ലിമിന്റെ വിഷമം ആരെങ്കിലും തീർത്തുകൊടുത്താൽ അന്ത്യനാളിൽ അവന്റെ വിഷമം അല്ലാഹുവും തീർത്തുകൊടുക്കും. പ്രയാസമുള്ളവന്റെ പ്രയാസം ആരെങ്കിലും തീർത്തു കൊടുത്താൽ ഈ ജീവിതത്തിലും പരലോകത്തും തന്റെ പ്രയാസം അല്ലാഹുവും തീർത്തു കൊടുക്കും. ഒരു ദൈവദാസൻ അവന്റെ സഹോദരനെ സഹായിക്കുമ്പോഴൊക്കെയും അവനെ അല്ലാഹുവും സഹായിച്ചുകൊണ്ടിരിക്കും" (മുസ്‌ലിം). "രണ്ടുവട്ടം ഒരു മുസ്‌ലിമിന് കടം കൊടുത്താൽ ഒരു വട്ടം ധർമം കൊടുത്തത് പോലെയായി" (ഇബ്നുമാജ).

കടംകൊടുക്കുക ഒരു സൽകർമമാണ്. കടം വാങ്ങുമ്പോൾ തിരിച്ചുകൊടുക്കണമെന്ന ഉദ്ദേശ്യം വേണം. എന്നാൽ അല്ലാഹു അത് വീട്ടുവാനുള്ള സൗകര്യം അവനുണ്ടാക്കികൊടുക്കും. എന്നാൽ കടം വാങ്ങി കഴിവുണ്ടായിട്ടും കടം തന്നവനെ വഞ്ചിക്കുകയാണെങ്കിൽ അതിന്റെ പേരിൽ പാരത്രിക ശിക്ഷയും അയാൾ അനുഭവിക്കേണ്ടിവരും.

കടം വാങ്ങിയവൻ എത്രയും വേഗം മടക്കികൊടുക്കാൻ ജാഗ്രത കാണിക്കണം. സഹായിച്ചവനെ പ്രയാസപ്പെടുത്തുന്നത് അക്രമമാണെന്ന് പ്രവാചകൻ പറഞ്ഞിട്ടുണ്ട്. "കഴിവുള്ളവൻ മനഃപൂർവം വൈകിപ്പിക്കുന്നത് അക്രമമാണ്" (അബൂദാവൂദ്). മറ്റൊരു നബിവചനം ഇപ്രകാരമാണ്. "ധനികൻ കടം വീട്ടാൻ ഉപേക്ഷ കാണിക്കുന്നപക്ഷം അവന്റെ അഭിമാനം ക്ഷതപ്പെടുത്താം." (അബൂദാവൂദ്).

കടം വീട്ടാതെ മരിച്ച സ്വന്തം സഹോദരന്റെ അന്ത്യപരിണാമത്തെപ്പറ്റി ഒരാൾ നബി(സ)യോട് ചോദിച്ചപ്പോൾ, 'കടക്കാരനായി മരിച്ചാൽ സ്വർഗത്തിൽ പ്രവേശിക്കുകയില്ല' എന്നാണ് നബി(സ) മറുപടി പറഞ്ഞത്.

"ഏറ്റവും നല്ല നിലയിൽ കടം വീട്ടുന്നവനാണ് നിങ്ങളിൽ ഉത്തമൻ" (ബുഖാരി). ലാഭം ലക്ഷ്യം വെച്ചു കടം കൊടുക്കുന്നത് പോലെ തെറ്റാണ് മടക്കിത്തരുമ്പോൾ കൂടുതൽ കിട്ടണമെന്ന മോഹവും. സ്വമനസ്സാലെ കൊടുക്കുന്നത് വിരോധമില്ല. ജാബിർ(റ) പറയുന്നു: "എനിക്ക് നബി(സ)ക്ക് വീട്ടേണ്ട ഒരു ഇടപാടുണ്ടായിരുന്നു. അത് വീട്ടിയപ്പോൾ, നബി(സ) എനിക്ക് കൂടുതൽ തന്നു" (ബുഖാരി, മുസ്‌ലിം).

ഞെരുക്കക്കാരനോട് സൗമ്യമായി പെരുമാറണമെന്നും അവധി നീട്ടിക്കൊടുക്കൽ പുണ്യകർമമാണെന്നും ഖുർആൻ പറയുന്നു. കടം കൊടുക്കുകയും വാങ്ങുകയും ചെയ്യുമ്പോൾ പാലിക്കേണ്ട നിയമങ്ങൾ ഖുർആൻ വിവരിക്കുന്നുണ്ട് (*അൽബഖറ*: 282,283).

സൽമാനുബ്നു അക്‌വഇ(റ) നിവേദനം ചെയ്യുന്നു. അദ്ദേഹം പറഞ്ഞു: "ഞങ്ങൾ റസൂലി(റ)ന്റെ അടുക്കൽ ഇരിക്കുമ്പോൾ ഒരു മയ്യിത്ത് കൊണ്ടുവരപ്പെട്ടു. അവർ പറഞ്ഞു: "അങ്ങ് നമസ്കരിക്കുക." അപ്പോൾ നബി(സ) ചോദിച്ചു: ''മയ്യിത്തിന് കടമുണ്ടോ?'' അവർ പറഞ്ഞു: "ഇല്ല." നബി(സ) മയ്യിത്തിന് വേണ്ടി നമസ്കരിച്ചു.

പിന്നെ മറ്റൊരു ജനാസ അവിടെ എത്തി. അവർ പറഞ്ഞു: "റസൂലേ, അങ്ങ് നമസ്കരിക്കുക." നബി(സ) ചോദിച്ചു: "കടമുണ്ടോ?" "ഉണ്ട്." "അദ്ദേഹത്തിന്റെതായി വല്ലതുമുണ്ടോ?" "മൂന്ന് ദീനാറുണ്ടെന്ന്" മറുപടി കിട്ടിയപ്പോൾ നബി(സ) മയ്യിത്ത് നമസ്കരിച്ചു.

മൂന്നാമത് ഒരു മയ്യിത്ത് കൊണ്ടുവന്നു. "നബിയേ അങ്ങ് നമസ്കരിക്കുക." അവർ അപേക്ഷിച്ചു. നബി(സ) ചോദിച്ചു: "കടമുണ്ടോ?" കടമുണ്ടെന്നും വീട്ടാൻ ഒന്നുമില്ലെന്നും മറുപടി പറഞ്ഞപ്പോൾ നബി(സ) പറഞ്ഞു: "നിങ്ങളുടെ സുഹൃത്തിന് നിങ്ങൾ തന്നെ നമസ്കരിക്കുക." അത് കേട്ടപ്പോൾ അബൂ ഖതാദ പറഞ്ഞു: "അല്ലാഹുവിന്റെ ദൂതരേ, മയ്യിത്തിന്റെ കടം ഞാൻ ഏറ്റെടുത്തിരിക്കുന്നു.'' അപ്പോൾ തിരുമേനി മയ്യിത്ത് നമസ്കരിക്കാൻ മുന്നോട്ടു വന്നു (ബുഖാരി). ■

**അബ്ദുൽജബ്ബാർ കൂരാരി**